കുഴിമണ്ണ-മൊറയൂർ റോഡ് നിർമ്മാണം

113 [1235] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിൽ കുഴിമണ്ണ-മൊറയൂർ റോഡ് കാലവർഷംമൂലം കേടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് ടെണ്ടർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) എന്നത്തേക്ക് ടെണ്ടർ ചെയ്യാൻ അനുമതി നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണാനുമതി നൽകിയിട്ടില്ലാത്തതിനാൽ ഇത് ടെണ്ടർ ചെയ്തിട്ടില്ല.

(സി) ഭരണാനുമതി നൽകുന്ന മുറയ്ക്ക് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പയ്യന്നൂർ കോടതി കെട്ടിട നിർമ്മാണം

114 [1238] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ കോടതി കെട്ടിട നിർമ്മാണ പ്രവർത്തിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും ഇതിനോടകം എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പയ്യന്നൂർ കോടതി കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെണ്ടർ അംഗീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തുക 100 ലക്ഷം (നൂറ് ലക്ഷം) രൂപയാണ്. ഇതിനോടകം 79,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പണി പൂർത്തിയാക്കേണ്ട കാലാവധി 12 മാസമാണ്.

പെരിയായിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് പോളിടെക്നിക്കിന് ലൈബ്രറി കെട്ടിട നിർമ്മാണം

115 [1239] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസറഗോഡ് ജില്ലയിൽ പെരിയായിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് പോളിടെക്നിക്കിന് ലൈബ്രറി കെട്ടിടം പണിയുന്ന പ്രവൃത്തി പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly